LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ മണ്ഡലത്തിലെ ബി.പി.എൽ. റേഷൻ കാർഡുകൾ

235 (7208) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കിമാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര അപേക്ഷകൾ നാളിതുവരെ തീർപ്പാക്കിയിട്ടുണ്ട് ;

(ബി) ബി.പി.എൽ. കാർഡിനായുള്ള എത്ര അപേക്ഷകളാണ് തീർപ്പാകാതെയുള്ളത് ;

(സി) അർഹരായ എല്ലാപേർക്കും എപ്പോൾ ബി.പി.എൽ. കാർഡ് നൽകാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1257 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 582 അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചു.

(ബി) 675 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ട്.

(സി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗം, പൊതുവിഭാഗം എന്നീ രണ്ട് വിഭാഗമാണുള്ളത്. അർഹരായവർക്കെല്ലാം മുൻഗണനാ കാർഡുകൾ 6 മാസത്തിനകം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റേഷൻ മൊത്തവ്യാപാര വിതരണ കേന്ദ്രങ്ങൾ

236 (7207) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റേഷൻ മൊത്തവ്യാപാര വിതരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

നിലവിൽ സംസ്ഥാനത്ത് 330 റേഷൻ മൊത്ത വ്യാപാര വിതരണ കേന്ദ്രങ്ങൾ ആണ് പ്രവർത്തിക്കുന്നത്. NFSA–2013 പ്രകാരം പുതിയ മൊത്ത വ്യാപാര കേന്ദ്രങ്ങൾ തുടങ്ങുന്നത് പരിശോധിക്കുന്നു.